ഇതുകൂടാതെ ജെ.ഡി. ഐ.സി. സഹായത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന 5 ബൃഹത്തായ ശുദ്ധജലവിതരണ പദ്ധതികളുടെയും ഇപ്പോൾ നബാർഡിന്റെ പരിഗണനയിലുള്ള 8 പദ്ധതികളുടെയും പണികളും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പാക്കിവരുന്ന പദ്ധതികളും സെക്ടർ റിഫോംസ് പദ്ധതിയനുസരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളും സ്ഥല ലഭ്യതയ്ക്കും ധനലഭ്യതയ്ക്കും വിധേയമായി 2006-07-ഓടുകൂടി പൂർത്തീകരിക്കുമ്പോൾ സംസ്ഥാനത്ത് എല്ലാവർക്കും മിതമായ തോതിലെങ്കിലും ശുദ്ധജലം എത്തിക്കാമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2006-07-ഓടുകൂടി ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൊളൊറ പ്രദേശത്ത് കുടിവെള്ളമെത്തിക്കാൻ സ്വീകരിച്ച നടപടി

15 [5378] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ കൊളൊറ പ്രദേശത്ത് കുടിവെള്ളം എത്തിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എന്നാണ് ആരംഭിച്ചത്;

(സി) ആയത് എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കുടിവെള്ളം എത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) പ്രസ്തുത പ്രദേശത്ത് കേരള വാട്ടർ അതോറിറ്റി മുഖേനയോ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേനയോ കുടിവെള്ള പദ്ധതികളൊന്നുംതന്നെ ഇപ്പോൾ നടപ്പിലാക്കുന്നില്ല.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സഹായം ലഭിക്കുന്ന സ്ഥലങ്ങൾ

16 [5381] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഭാഗത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഇന്ന് അഭിമുഖീകരിക്കുന്ന കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഫലം എന്നത്തേയ്ക്ക് പൊതുജനങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുവയൽ, പെരുമണ്ണ, കുന്ദമംഗലം, കുരുവട്ടൂർ എന്നീ പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി നടത്തിപ്പിനുള്ള കൺസൾട്ടന്റിന്റെ നിയമനം വൈകിയതിനാലാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകിയത്.

(സി) പദ്ധതിയുടെ ഗുണഫലം 2006-07-ൽ ലഭ്യമാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

പേരൂർക്കടയിലെ ഓട്ടോമാറ്റിക് വാട്ടർ വെൻഡിംഗ് ഡിപ്പോട്ട് പദ്ധതി

17 [5391] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഓട്ടോമാറ്റിക് വാട്ടർ വെൻഡിംഗ് ഡിപ്പോട്ട് എന്ന ഒരു പദ്ധതി പേരൂർക്കടയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗമാണോ തീരുമാനിച്ചത്;

(ഡി) ഈ പദ്ധതിയുടെ 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്' പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഈ പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ മൊത്തം ചെലവ് എത്ര വരുമെന്നാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതിപ്രകാരം വെള്ളത്തിന്റെ വില 1,000 ലിറ്ററിന് എത്ര രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ജി) 1,000 ലിറ്റർ വെള്ളം വിൽക്കുമ്പോൾ സർക്കാരിന് ലഭിക്കുന്ന റോയൽറ്റി എത്ര രൂപയാണ്;

(എച്ച്) ഈ പദ്ധതി സംബന്ധിച്ച നോട്ടിഫിക്കേഷനുകളുടെയും പരസ്യങ്ങളുടെയും കോപ്പികൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി—എച്ച്) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര ഗവൺമെന്റിനും പ്ലാനിംഗ് കമ്മീഷനും സമർപ്പിച്ച പദ്ധതികൾ

18 [5394] ശ്രീ. പി. ജെ. ജോയി:
,, ടി. വി. ചന്ദ്രമോഹൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly